ങ്കിലും ഈ രണ്ടു ജോലികളും പൂർത്തിയാക്കി ഉണ്ടാകാവുന്ന ഒരു വലിയ നാണക്കേട് ഒഴിവാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ കുടയത്തൂർ പഞ്ചായത്തിലെ കാഞ്ഞാറിൽ കണിയനതോടിന് കുറുകെയുള്ള പാലത്തിനു 27.7.1995-ൽ കരാറുണ്ടാക്കിയതാണ്. ഏകദേശം 9,93,193 രൂപ അടങ്കൽ തുക വരുന്ന ഈ പാലത്തിന്റെ പണിക്ക് ഇതുവരെ 5,94,002 രൂപയാണ് ചെലവായിട്ടുള്ളത്. ഈ പണി കരാറുകാർ സ്വന്തം കമ്പിയും സിമന്റും ഉപയോഗിച്ച് ചെയ്യുന്നതരത്തിൽ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ക്രമീകരിച്ചിട്ടുള്ളതാണ്. മൂവാറ്റുപുഴ വാലി ജലസേചനപദ്ധതി, ഇപ്രകാരം ക്രമീകരിച്ച പണികളിൽ വിജിലൻസ് അന്വേഷണം നിലവിലുള്ളതിനാൽ പണികൾ തുടർന്നു നടത്താനാകാത്ത സ്ഥിതിയിലാണ്. മൂവാറ്റുപുഴ വാലിയിലെ ഒട്ടേറെ പണികളുടെ സ്ഥിതി ഇതാണ് എന്ന് ബഹു. മെമ്പർ വിശദീകരിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ വിജിലൻസുകാരുമായി ഞാൻ തന്നെ മുൻകൈയെടുത്ത് ചർച്ച വച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ പ്രയോറിറ്റി നോക്കി കുറേക്കൂടി..... ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലെത്തിയ പല വർക്കുകളുടെയും ഫയലുകൾ ഫോട്ടോസ്റ്റാറ്റ് എടുത്തുതന്നിട്ട് കുറെ പണികൾ ആരംഭിച്ചിട്ടുണ്ട്. ഓരോ ഘട്ടത്തിലും പല പണികളുടെയും ഫയലുകൾ ഫോട്ടോസ്റ്റാറ്റ് എടുത്ത് തരുന്നുണ്ട്. വളരെവേഗം ആ ഫോട്ടോസ്റ്റാറ്റ് വാങ്ങി ഈ പണി എങ്ങനെ പൂർത്തീകരിക്കാൻ കഴിയുമെന്നുള്ളതുനോക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(16) കൊല്ലങ്കോട് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. കെ.എ. ചന്ദ്രൻ : കൊല്ലങ്കോട് അസംബ്ലി നിയോജകമണ്ഡലത്തിലെ മുതലമട, കൊല്ലങ്കോട്, പുതുനഗരം, കൊടുവായൂർ ശുദ്ധജലവിതരണ പദ്ധതി അടിയന്തിരമായി പണി തീർത്ത് പ്രയോജനപ്പെടുത്തണമെന്നും പല്ലശ്ശന, എലവഞ്ചേരി, നെൻമാറ, അയിലൂർ ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കി കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നുമുള്ള ആവശ്യം സഭയുടെയും ബഹു. മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായിട്ടുള്ള പ്രദേശമാണ് മുതലമട. മുതലമട, കൊല്ലങ്കോട്, വടവന്നൂർ പഞ്ചായത്തുകൾക്ക് ശുദ്ധജല വിതരണം നടത്താൻ വർഷങ്ങൾക്കുമുൻപ് ആരംഭിച്ച ആ ശുദ്ധജലവിതരണ പദ്ധതി ഇന്നും പണിതീരാതെ കിടക്കുന്ന ഒരു അവസ്ഥലയിലാണ്. അടിയന്തിരമായി ഇതിന്റെ പണി തീർക്കണം. ഇതിന് വെള്ളം എവിടെനിന്നും എടുക്കണമെന്നുള്ളതുസംബന്ധിച്ച് ഒരു തീരുമാനത്തിന് കാലതാമസം ഉണ്ടായി. ഏറ്റവും അവസാനമായി മീങ്കര ജലസംഭരണിയിൽ നിന്ന് വെള്ളമെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ കിണർപണിയും അതിനോടനുബന്ധിച്ച മറ്റു കാര്യങ്ങളും ചെയ്യേണ്ടത് വാട്ടർ അതോറിറ്റിയല്ല, മേജർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണ്. അവർക്ക് ഇതു പണിയാനാവശ്യമായ പണം നൽകുകയും ആ പണി ടെന്റർ വിളിച്ച് കഴിയും വേഗം തീർക്കുകയും ചെയ്യണം. അതുപോലെ ഇതിനോടനുബന്ധിച്ച് ഓവർഹെഡ്ടാങ്ക് ഇനിയും ഒന്നു പണിയണം. മറ്റു പണികളും ചെയ്യേണ്ടതായിട്ടുണ്ട്. ലക്ഷങ്ങൾ മുടക്കിയിട്ടും പ്രയോജനപ്പെടുത്താനാവാതെ കിടക്കുന്ന ഈ പദ്ധതി കഴിയുന്നതുംവേഗം നടപ്പിലാക്കാൻ തീരുമാനമെടുക്കണം. അതുപോലെ പുതുനഗരം, കൊടുവാ

LIBRARY ARCHIVES Kerala Legislative Assembly

യൂർ പദ്ധതിക്ക് എൽ.ഐ.സി. യിൽ നിന്നും പണം ലഭ്യമായിട്ടുണ്ട്. അനുമതിയും ലഭിച്ചതാണ്. വർഷം രണ്ടായിട്ടും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ഇതും അടിയന്തിരമായി പണി തീർക്കണം. ഇതുപോലെ പുതുനഗരം പഞ്ചായത്തിൽ ഇപ്പോൾ താൽക്കാലികമായി വെള്ളം ലഭിച്ചുകൊണ്ടിരിക്കുന്നത് തത്തമംഗലത്തുനിന്നുമാണ്. ഏതാണ്ട് അഞ്ചാറു മാസമായി ആ വിതരണ സംവിധാനത്തിൽ ഏതോ തകരാറുവന്നതുകൊണ്ട് അവിടെ നിലവിലുള്ള സംവിധാനം പോലും മുടങ്ങിയിരിക്കുന്നു. അടിയന്തിരമായി ഇത് പണി തീർത്ത് കിട്ടിക്കൊണ്ടിരുന്ന വെള്ളമെങ്കിലും ലഭ്യമാക്കണം. പല്ലശ്ശന, എലവഞ്ചേരി, നെൻമാറ, അയിലൂർ പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുണ്ട്. ഇതിന് സമഗ്രപദ്ധതി തയ്യാറാക്കുകയും വേണം. ഇതിനോടനുബന്ധിച്ച് ബഹു. മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന ഒരുകാര്യം കൂടിയുണ്ട്. മുതലമട പഞ്ചായത്തിലെ ഗോവിന്ദപുരം-പുതൂർ എന്ന സ്ഥലത്ത് ഒരു സ്വകാര്യവ്യക്തി കുഴൽക്കിണർ കുഴിച്ചു. 385 അടി താഴ്ത്തിയപ്പോൾ കുഴൽ നിയന്ത്രണമില്ലാതെ താഴ്ന്നുപോയി. കുഴിച്ച കുഴലിലൂടെ കയർ രണ്ടായിരമടി താഴ്ത്തിയപ്പോൾ അത് താഴ്ന്നുപോവുകയോ ഒഴുകിപ്പോവുകയോ ചെയ്തു. വെള്ളത്തിന്റെ ഒഴുക്കിന്റെ ശബ്ദം മുകൾഭാഗത്തുനിന്നാൽ പൈപ്പിലൂടെ കേൾക്കാൻ കഴിയുന്നുണ്ട്. രൂക്ഷമായ വെള്ളക്ഷാമമുള്ള ഈ പ്രദേശത്ത് ഇതിനെ സംബന്ധിച്ച് ബന്ധപ്പെട്ട അധികൃതരെക്കൊണ്ട് പരിശോധിപ്പിക്കുകയും ഉപയോഗിക്കാൻ കഴിയുന്ന വെള്ളമാണെങ്കിൽ കുടിവെള്ളക്ഷാമത്തിന് ഇത് പ്രയോജനപ്പെടുത്തുകയും ചെയ്ത് കുടിവെള്ളക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു. മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, മീങ്കര ജലസംഭരണിയിൽ നിന്ന് മുതലമട- കൊല്ലങ്കോട് ശുദ്ധജലവിതരണപദ്ധതിക്ക് ജലം പമ്പുചെയ്യാൻ ആവശ്യമായ കിണർ ജലസേചന വകുപ്പിന്റെ ഡെപ്പോസിറ്റ് വർക്കായിട്ടാണ് ചെയ്യാനുദ്ദേശിക്കുന്നത്. ജലസേചനവകുപ്പ് ഈ പണികൾ 14.3.2000-ന് ടെന്റർ ചെയ്തിട്ടുണ്ട്. മുതലമട കൊല്ലങ്കോട് ശുദ്ധജല വിതരണപദ്ധതി നടപ്പാക്കാനാവശ്യമായ രണ്ടു ടാങ്കുകളുടെ വിശദമായ എസ്റ്റിമേറ്റുകളും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പുതുനഗരം-കൊടുവായൂർ ശുദ്ധജലവിതരണപദ്ധതിയുടെ ഓവർഹെഡ് ടാങ്കിന്റെ എസ്റ്റിമേറ്റ് പുതുക്കിയ ഷെഡ്യൂൾ പ്രകാരം തയ്യാറാക്കി പണികൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുതുനഗരം ഗ്രാമപഞ്ചായത്തിൽ ജലവിതരണം മുടങ്ങിയ സ്ഥലങ്ങളിൽ ആവശ്യമായ പൈപ്പുകൾ ലഭ്യമാക്കി അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുനഃസ്ഥാപിക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചുവരികയാണ്. പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ പല്ലശ്ശന, കൂടല്ലൂർ, പല്ലാവൂർ എന്നീ വില്ലേജുകൾക്കുവേണ്ടി പോത്തുണ്ടി ഡാം സ്രോതസ്സായുള്ള പദ്ധതി നടപ്പാക്കുന്നതിന് സർവ്വേ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ എലവഞ്ചേരി, വട്ടയ്ക്കാട്, പനങ്ങാട്ടിരി എന്നീ വില്ലേജുകൾക്കുവേണ്ടി പോത്തുണ്ടി ഡാം സ്രോതസ്സായിട്ടുള്ള പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ബഹു. മെമ്പർ, ഇവിടെ ഒരു കുഴൽക്കിണർ കുഴിച്ചപ്പോൾ കയർ രണ്ടായിരം അടി പോയി എന്നു പറഞ്ഞു. അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തിരമായി അതിന്റെ ചുമതലപ്പെട്ട ഗ്രൗണ്ട്വാട്ടർ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് നടപടി സ്വീകരിക്കുന്നതാണ്. മംഗലംഡാം സ്രോതസ്സായി അയിലൂർ, തിരുവാഴിയാട്, കയറാടി, എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി മറ്റൊരു സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ പ്രാഥമിക

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് തയ്യാറാക്കി, അത് ഈ വർഷത്തെ ആക്ഷൻ പ്ലാനിൽത്തന്നെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(17) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. ജോണി നെല്ലൂർ : സർ, മൂന്നാമത്തെ പ്രാവശ്യമാണ് ഈ സഭയിൽ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പക്ഷേ ഇതിന്റെ പ്രത്യേകത ഇതിനു മുമ്പ് രണ്ട് പ്രാവശ്യം ഉന്നയിച്ചപ്പോഴും ഇദ്ദേഹം അല്ലായിരുന്നു മന്ത്രി. ഇദ്ദേഹത്തിന്റെ മുൻഗാമികളായ രണ്ടു മന്ത്രിമാരായിരുന്നു. അവരുടെ കാലത്ത് കഴിയാത്ത കാര്യം ബഹു. ഇന്നത്തെ ഗതാഗത വകുപ്പുമന്ത്രി സാധിച്ചുതരുമെന്നുള്ള പ്രതീക്ഷയിലാണ്. മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയെ സംബന്ധിച്ച് നിരവധി പ്രാവശ്യം ഞാൻ പറഞ്ഞിട്ടുള്ളതാണ്. ആ ഡിപ്പോ വളരെ പഴക്കം ചെന്ന ഡിപ്പോയാണ്. 51 ഷെഡ്യൂളുകളുള്ള ആ ഡിപ്പോയിൽ 57 ബസ്സുകൾ വേണം. ഇപ്പോൾ അവിടെ 46 ബസ്സുകൾ മാത്രമേയുള്ളൂ. 11 ബസ്സുകളുടെ കുറവുണ്ട്. 46 ബസ്സുകൾ ഉള്ളതിൽതന്നെ ആവറേജ് എട്ടോ ഒൻപതോ ബസ്സുകൾ വർക്ക് ഷോപ്പിലാണ്. 35 ഷെഡ്യൂളുകളാണ് ദിവസേന ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നത്. 51 ഷെഡ്യൂളുകൾ നോട്ടീസ് ബോർഡിലുണ്ട്. ഈ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകുവാൻ വേണ്ടി 11 ബസ്സുകൾ അനുവദിക്കണം എന്നതാണ് ഒരു ആവശ്യം. മറ്റൊന്ന്, കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സ്ഥലം വളരെ വിസ്തൃതമാണ്, അവിടെ ചുറ്റുമതിൽ നിർമ്മിച്ച് ആ ഡിപ്പോ നവീകരിക്കണമെന്ന ഒരു അഭ്യർത്ഥനയാണ്. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരാവശ്യം കൂടിയുണ്ട്. മൂവാറ്റുപുഴയിൽനിന്നും എറണാകുളത്തേയ്ക്കും കോട്ടയത്തേയ്ക്കും രണ്ട് ദേശസാൽകൃത റൂട്ടുകളാണുള്ളത്. സാധാരണക്കാരായ നിരവധി യാത്രക്കാർ യാത്ര ചെയ്യുന്ന റൂട്ടാണ്. ദേശസാൽകൃത റൂട്ടുകളായതുകൊണ്ട് സൂപ്പർ ഫാസ്റ്റും ഫാസ്റ്റ് പാസഞ്ചറും മാത്രമേയുള്ളൂ. സാധാരണക്കാർക്ക് താങ്ങാൻ ആകാത്ത ബസ് ചാർജ്ജാണ് സൂപ്പർഫാസ്റ്റിലും ഫാസ്റ്റ് പാസഞ്ചറിലും ഈടാക്കുന്നത്. മന്ത്രിയോട് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത് ഈ രണ്ട് ദേശസാൽകൃത റൂട്ടുകളിലും (മൂവാറ്റുപുഴ-എറണാകുളം, മൂവാറ്റുപുഴ-കോട്ടയം) ലിമിറ്റഡ് ഓർഡിനറി സർവ്വീസുകൾ അനുവദിച്ച് സാധാരണക്കാരെ സഹായിക്കുവാൻ അടിയന്തിരമായ നടപടികൾ കൈക്കൊള്ളണമെന്നാണ്. ഈ കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുവാൻ വേണ്ടി ബഹു. മന്ത്രി മൂവാറ്റുപുഴ ഡിപ്പോ സന്ദർശിക്കണമെന്നും കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, 51 ഷെഡ്യൂളുകളുള്ള മൂവാറ്റുപുഴ ഡിപ്പോയിൽ 57 ബസ്സുകൾ ആവശ്യമാണ്. ഇപ്പോൾ ഉള്ളത് 49 ബസ്സുകൾ മാത്രമാണ്. അതായത് 8 ബസ്സുകളുടെ കുറവുണ്ട്. ഈ കുറവു മൂവാറ്റുപുഴയുടെ മാത്രം പ്രശ്നമല്ല. പൊതുവായ പ്രശ്നമാണ്. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കാരണം കാലാകാലങ്ങളിൽ ബസ്സുകളുടെ റീപ്ലേസ്മെന്റും ആഗ്മെന്റേഷനും നടത്താൻ കഴിയുന്നില്ല. ഹഡ്കോയുടെ ധനസഹായത്തോടെ 1800 ബസ്സുകൾ നിരത്തിൽ ഇറക്കുമ്പോൾ ഈ പ്രശ്നം പരിഹൃതമാകും. സബ്മിഷനിൽ പ്രതിപാദിച്ചിട്ടുള്ള മറ്റൊരു കാര്യം, ഉള്ള ബസ്സുകളിൽതന്നെ 8 എണ്ണം വർക്ക് ഷോപ്പിലാണ് എന്നുള്ളതാണ്. ഈ ബസ്സുകളുടെ ശരാശരി പ്രായം 7 വർഷമാണ്. ഒഴിച്ചുകൂടാൻ പറ്റാത്ത അറ്റകുറ്റപ്പണികൾക്കുവേണ്ടി ബസ്സുകൾ വർക്ക്ഷോപ്പിൽ കയറ്റേണ്ടിവരുന്നു. ഇതും പൊതുവായ പ്രശ്നമാണ്. കെ.എസ്.ആർ.ടി.സി. യുടെ വാഹനവ്യൂഹത്തിൽ

LIBRARY ARCHIVES Kerala Legislative Assembly